നം.സി.ഇ.ഐ/1363/2024-ഡി1 തീയതി: 01.04.2024

**2020 ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നിയമപ്രകാരം സൂപ്പർവൈസർ ഇന്റർവ്യൂ നടത്തുന്നതിലെ നടപടിക്രമങ്ങൾ**

I. **റൂൾ 11 പ്രകാരമുള്ള എ ഗ്രേഡ് സൂപ്പർവൈസർ ഇന്റർവ്യൂ**

പ്രസ്തുത റൂളിൽ പറയുന്ന യോഗ്യതയും പ്രായോഗിക പരിചയവുമുള്ള അപേക്ഷകരെ റൂൾ 6 പ്രകാരമുള്ള എക്സ്പേർട്ട് കമ്മിറ്റി താഴെ പറയുന്ന മൂന്ന് കാറ്റഗറിയിൽ ഇതുമായി ബന്ധപ്പെട്ടുള്ള സ്കീമിന്റെ ഡിസൈനും സിംഗിൾ ലൈൻ ഡയഗ്രമും തയ്യാറാക്കി സമർപ്പിക്കേണ്ടതിന്റെ അടിസ്ഥാനത്തിൽ സൂപ്പർവൈസർ പെർമിറ്റിനായി പരിഗണിക്കുന്നതാണ്.

| | | Classification of Scope |
|---|---|---|
| 1) | Category I | All LT/MV Electrical Installations /MV generator upto and including 500 kVA |
| 2) | Category II | All LT/MV/HT Electrical Installations (This does not include EHT installations) |
| 3) | Category III | All Electrical Installations |

<u>Evaluation</u>

| | Design | Single line diagram | Viva Voce/Work Experience | Total | Minimum Eligibility |
|---|---|---|---|---|---|
| Category I | 25 | 50 | 25 | 100 | 60 |
| Category II | 50 | 75 | 25 | 150 | 100 |
| Category III | 50 | 100 | 50 | 200 | 150 |

ഉയർന്ന കാറ്റഗറിയിലേക്ക് ഇന്റർവ്യൂന് പരിഗണിക്കുന്നതിന് പ്രീവിയസ് വർക്ക് എക്സ്പീരിയൻസ് പ്രാഥമിക ഘടകമാണ്. പുതുതായി അപേക്ഷിക്കുന്നവർ ഏത് കാറ്റഗറിയിലാണോ ഇന്റർവ്യൂന് ഇരിക്കുന്നത് അതനുസരിച്ചായിരിക്കും valuation ചെയ്യുന്നത് (പ്രസ്തുത കാറ്റഗറിയിൽ പരാജയപ്പെടുന്ന പക്ഷം അതിന് താഴെയുള്ള കാറ്റഗറിയിൽ പരിഗണിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. സ്കോപ്പ് റിവിഷന് അപേക്ഷിക്കുമ്പോൾ പ്രസ്തുത സ്കോപ്പിന് eligible അല്ലെങ്കിൽ നിലവിലെ സ്കോപ്പിൽ കുറവ് വരുത്തുന്നതല്ല.

II. **റൂൾ12 പ്രകാരമുള്ള ബി ഗ്രേഡ് സൂപ്പർവൈസർ ഇന്റർവ്യൂ**

പ്രസ്തുത റൂളിൽ പറയുന്ന യോഗ്യതയുള്ള അപേക്ഷകരെ റൂൾ 6 പ്രകാരമുള്ള എക്സ്പേർട്ട് കമ്മിറ്റി താഴെ പറയുന്ന നാല് കാറ്റഗറിയിൽ നടത്തുന്ന ഇന്റർവ്യൂന്റെയും കൂടാതെ കാറ്റഗറി III & IV നായി തയ്യാറാക്കി നൽകുന്ന ഡിസൈൻ, സിംഗിൾ ലൈൻ ഡയഗ്രം എന്നിവയുടെയും അടിസ്ഥാനത്തിൽ സൂപ്പർവൈസർ പെർമിറ്റിനായി പരിഗണിക്കുന്നതാണ്.

| | | Classification of Scope |
|---|---|---|
| 1) | Category I | All LT/MV Electrical Installations upto and including 25 kW and MV generator upto and including 25 kVA |
| 2) | Category II | All LT/MV Electrical Installations upto and including 50 kW and MV generator upto and including 50 kVA |
| 3) | Category III | All LT/MV Electrical Installations upto and including 150 kW and MV generator upto and including 150 kVA |
| 4) | Category IV | All LT/MV Electrical Installations upto and including 250 kW and MV generator upto and including 250 kVA |

<u>Evaluation</u>

Category I & II - ഇന്റർവ്യൂ-ന്റെയും വർക്ക് എക്സ്പീരിയൻസിന്റെയും അടിസ്ഥാനത്തിൽ സൂപ്പർവൈസർ പെർമിറ്റിനായി പരിഗണിക്കുന്നു.

| Viva Voce/Work Experience | Total | Minimum Eligibility |
|---|---|---|
| 25 + 25 | 50 | 30 to 39 - 25 kW<br>40 and above - 50 kW |

Category III

| Design | Single line diagram | Viva Voce/Work Experience | Total Marks | Minimum Eligibility |
|---|---|---|---|---|
| 25 | 50 | 25 | 100 | 60 |

Category IV

| Design | Single line diagram | Viva Voce/Work Experience | Total Marks | Minimum Eligibility |
|---|---|---|---|---|
| 50 | 75 | 25 | 150 | 100 |

ഉയർന്ന കാറ്റഗറിയിലേക്ക് ഇന്റർവ്യൂന് പരിഗണിക്കുന്നതിന് പ്രീവിയസ് വർക്ക് എക്സ്പീരിയൻസ് പ്രാഥമിക ഘടകമാണ്. പുതുതായി അപേക്ഷിക്കുന്നവർ ഏത് കാറ്റഗറിയിലാണോ ഇന്റർവ്യൂന് ഇരിക്കുന്നത് അതനുസരിച്ചായിരിക്കും valuation ചെയ്യുന്നത് പ്രസ്തുത കാറ്റഗറിയിൽ പരാജയപ്പെടുന്ന പക്ഷം അതിന് താഴെയുള്ള കാറ്റഗറിയിലേക്ക് പരിഗണിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ സ്കോപ്പ് റിവിഷന് അപേക്ഷിക്കുന്നവർ eligible അല്ലെങ്കിൽ നിലവിലെ സ്കോപ്പിൽ കുറവ് വരുത്തുന്നതല്ല.

III. <u>റൂൾ 13 പ്രകാരമുള്ള ഇലക്ട്രിക്കൽ സൂപ്പർവൈസർ (മൈൻസ്) ഇന്റർവ്യൂ</u>

പ്രസ്തുത റൂളിൽ പറയുന്ന യോഗ്യതയും പ്രായോഗിക പരിചയവുമുള്ള അപേക്ഷകരെ റൂൾ 6 പ്രകാരമുള്ള എക്സ്പേർട്ട് കമ്മിറ്റി ബി ഗ്രേഡ് സൂപ്പർവൈസർ (exemption) പെർമിറ്റിനായി പരിഗണിക്കുന്നതാണ്.

കാറ്റഗറി, classification of scope, evaluation എന്നിവ (II) പറഞ്ഞ പ്രകാരമായിരിക്കും.

IV. **റൂൾ 20 പ്രകാരമുള്ള Designated person നുള്ള സൂപ്പർവൈസർ ഇന്റർവ്യൂ**

വൈദ്യുതി പ്രതിഷ്ഠാപനങ്ങളിലെ operation and maintenance നുള്ള designated person നുള്ള സൂപ്പർവൈസർ പെർമിറ്റ് പ്രസ്തുത റൂളിൽ പറയുന്ന യോഗ്യതയും പ്രായോഗിക പരിചയവുമുള്ള അപേക്ഷകർക്ക് റൂൾ 6 പ്രകാരമുള്ള എക്സ്പേർട്ട് കമ്മിറ്റി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്നു. പ്രസ്തുത പെർമിറ്റ് മേൽ പ്പറഞ്ഞ ആവശ്യത്തിനല്ലാതെ മറ്റ് സൂപ്പർവൈസർ പെർമിറ്റിന്റെ കാര്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുകയില്ല.

സ്കോപ്പ് - operation and maintenance of electrical equipments and lines (HT/MV premises)

Evaluation

| Viva Voce/Work Experience | Total marks | Marks of Eligibility |
|---|---|---|
| 25 + 25 | 50 | 30 and above |

പ്രസ്തുത സൂപ്പർവൈസർമാർക്ക് ഏതെങ്കിലും കോൺട്രാക്ടറുടെ കീഴിൽ രജിസ്റ്റർ ചെയ്യുന്നതിനോ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിലല്ലാതെ മറ്റു വർക്കുകൾ സൂപ്പർവൈസ് ചെയ്യുന്നതിനോ അർഹതയില്ല.

(ഒപ്പ്)
സെക്രട്ടറി
കെ.എസ്.ഇ.എൽ.ബി